B | 705

# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018–19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 7 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 10 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

പ്രവർത്തനം – 1

**സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ ആർജിച്ച പുരോഗതിയാണ് കേരളത്തിന്റെ വളർച്ചയെ മുന്നോട്ട് നയിക്കുന്നത്.**

എ. താഴെ തന്നിരിക്കുന്ന പട്ടികപൂർത്തിയാക്കുക.

| സാമൂഹ്യ പരിഷ്കർത്താക്കൾ | പ്രസ്ഥാനം | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| ശ്രീനാരായണ ഗുരു | ശ്രീനാരായണ ധർമ പരിപാലന യോഗം | ..................... ..................... |
| വാഗ്ഭടാനന്ദൻ | ..................... | • അന്ധവിശ്വാസങ്ങൾ, അർഥശൂന്യമായ ചടങ്ങുകൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം. |
| ..................... | മുസ്ലീം ഐക്യ സംഘം | • സ്വദേശാഭിമാനി പത്രം ആരംഭിച്ചു |

ബി. അയ്യങ്കാളി കേരളത്തിന്റെ നവോത്ഥാനത്തിന് നൽകിയ സംഭാവനകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക. (സാമൂഹ്യസമത്വം, സഞ്ചാരസ്വാതന്ത്ര്യം, വിദ്യാലയപ്രവേശനം, കൂലി വിവേചനം ഇവയിൽ ഏതെങ്കിലും രണ്ടു മേഖലകളിൽ നൽകിയ സംഭാവനകൾ വിശദമാക്കുക.)

പ്രവർത്തനം –2

**പ്രത്യക്ഷത്തിൽ സമരം പരാജയപ്പെട്ടെങ്കിലും കമ്പനി ഭരണത്തിനെതിരെ നാടിന്റെ മോചനത്തിനായുള്ള ആദ്യത്തെ ബഹുജനസമരമായിരുന്നു 1857 – ലെ ഒന്നാംസ്വാതന്ത്ര്യ സമരമുന്നേറ്റം.**

എ. ഈ സ്വാതന്ത്ര്യസമരത്തിനുശേഷം റംഗൂണിലേക്ക് നാടുകടത്തപ്പെട്ട അവസാനത്തെ മുഗൾ ചക്രവർത്തി ആരായിരുന്നു?

ബി. ആയിരത്തി എണ്ണൂറ്റി അമ്പത്തിയേഴിലെ (1857) ഈ ബഹുജന സ്വാതന്ത്ര്യസമരത്തിലേക്കു നയിച്ച കാരണങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക. (തോക്കും തിരയും, ശമ്പളം, ഭക്ഷണം, മതവിശ്വാസം, നാട്ടുരാജാക്കന്മാർ)

സി. 1857 – ലെ പ്രസ്തുത സ്വാതന്ത്ര്യസമരം മൂലം ഇന്ത്യൻ ഭരണ സംവിധാനത്തിൽ ഉണ്ടായ മാറ്റം എന്തായിരുന്നു?



exam WINNER

## പ്രവർത്തനം – 3

**നാം പല ആവശ്യങ്ങൾക്കായി ഭൂപടങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഭൂപടങ്ങളുടെ ചരിത്രത്തിന് മനുഷ്യസംസ്കാരത്തോളം പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു.**

എ. ആദ്യമായി വിവിധ ഭൂപടങ്ങൾ ചേർത്ത് 'അറ്റ്ലസ്' തയാറാക്കിയത്.
a) എബ്രഹാം ഓർട്ടേലിയസ് b) മെർക്കാറ്റർ c) ടോളമി d) ഹിപ്പാർക്കസ്

ബി. ഭൂപടങ്ങളുടെ ചരിത്രത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയാറാക്കുക.

സി. നാം ഭൂപടങ്ങൾ ഉപയോഗിക്കുന്ന ഏതെങ്കിലും ഒരു മേഖലയും അതിന്റെ ഉപയോഗവും എഴുതുക.

## പ്രവർത്തനം – 4

**ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹരണസമരം പ്രധാനമായും രണ്ടു തരം കർമ പരിപാടികളിൽ അധിഷ്ഠിതമായിരുന്നു. ബഹിഷ്കരണ സമരങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളും.**

എ. ബഹിഷ്കരണ സമരങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളും ഓരോന്നു കൂടി കണ്ടെത്തി താഴെ നൽകിയിരിക്കുന്ന കോളങ്ങൾ പൂർത്തിയാക്കുക.

| ബഹിഷ്കരണ സമരങ്ങൾ | | ക്രിയാത്മക പ്രവർത്തനങ്ങൾ |
|---|---|---|
| 1) നികുതി നിഷേധം | നിസ്സഹകരണ സമരം | 1) ..................... |
| 2) ..................... | | 2) ഖാദി വസ്ത്രത്തിന്റെ പ്രചാരണം |

ബി. നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന ഉപ്പുസത്യാഗ്രഹത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. (നേതൃത്വം നൽകിയവർ, സമര കേന്ദ്രങ്ങൾ, സമരഫലം തുടങ്ങിയവ)

## പ്രവർത്തനം – 5

**കാലാവസ്ഥയിൽ ഏറെ വൈവിധ്യങ്ങളുള്ള രാജ്യമാണ് ഇന്ത്യ.**


എ. ഇന്ത്യയിലെ ഏതെങ്കിലും രണ്ട് ഋതുക്കളുടെ (കാലങ്ങളുടെ) പേരെഴുതുക?

ബി. ഏതെങ്കിലും ഒരു കാലത്തെക്കുറിച്ച് ലഘു വിവരണം തയാറാക്കുക.

സി. ഇന്ത്യൻ കാലാവസ്ഥ പൊതുവെ അറിയപ്പെടുന്നത് ഏതു പേരിലാണ്?.

**പ്രവർത്തനം – 6**

**മനുഷ്യരുടെ ചില പ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്.**




എ. നൽകിയിരിക്കുന്ന വാർത്തകളിലെ വിഷയങ്ങൾ എങ്ങനെയാണ് കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകുന്നത്? വിശദീകരിക്കുക. (രണ്ടെണ്ണമെങ്കിലും)

ബി. മനുഷ്യപ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കാതിരിക്കുവാൻ എന്തെല്ലാം നിർദേശങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത്?

സി. ഒരു നിശ്ചിതസമയത്ത് ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന അന്തരീക്ഷാവസ്ഥയ്ക്കു പറയുന്ന പേരെന്ത്?.

**പ്രവർത്തനം – 7**

**ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ആശയങ്ങളും തത്വങ്ങളും നിയമങ്ങളും അടങ്ങുന്ന ആധികാരിക പ്രമാണമാണ് ഭരണഘടന.**

എ. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ ഉന്നത സ്ഥാനത്തുള്ള സ്ഥാപനം?

ബി. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളിൽ ഏതെങ്കിലും നാലെണ്ണം ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം – 8

**സാമൂഹീകരണം ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന പ്രക്രിയയാണ്.**

എ. കുടുംബം സാമൂഹീകരണത്തിന് സഹായിക്കുന്നത് എങ്ങനെയെല്ലാമാണ്?

ബി. "സാമൂഹീകരണത്തിന് വിദ്യാലയങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ സ്കൂൾ സെമിനാറിൽ അവതരിപ്പിക്കുന്നതിന് ഒരു സെമിനാർ പേപ്പർ തയാറാക്കുക.

പ്രവർത്തനം – 9

**ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ ഒട്ടേറെ മഹത് വ്യക്തികൾ പ്രവർത്തിച്ചിരുന്നു.**

എ. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സുഭാഷ്ചന്ദ്രബോസിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക?.

ബി. സുഭാഷ് ചന്ദ്രബോസിനോടൊപ്പം പ്രവർത്തിച്ച മലയാളിയായ വനിതാനേതാവ് ആരാണ്?.

സി. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ യുവജനങ്ങളെ സമരസജ്ജരാക്കുന്നതിനുവേണ്ടി രാജ ഗുരു, ഭഗത്സിംഗ് തുടങ്ങിയവർ ചേർന്ന് രൂപീകരിച്ച സംഘടനയുടെ പേരെഴുതുക?

പ്രവർത്തനം – 10

**ഒരു പ്രദേശത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുസരിച്ച് സസ്യജന്തുജാലങ്ങളിൽ വൈവിധ്യം നിലനിൽക്കുന്നു.**

എ. ചുവടെ നൽകിയിട്ടുള്ള ഇന്ത്യയിലെ നൈസർഗിക സസ്യജാലങ്ങളിൽ കാണപ്പെടുന്ന ജന്തുജാലങ്ങൾ ഏതൊക്കെയാണെന്ന് എഴുതുക.

| നൈസർഗിക സസ്യജാലങ്ങൾ | ജന്തുജാലങ്ങൾ |
|---|---|
| മുൾച്ചെടികളും കുറ്റിക്കാടുകളും | |
| പർവതവനങ്ങൾ | |

ബി. തന്നിരിക്കുന്ന (ഇന്ത്യ – നദികൾ ) രൂപരേഖയിൽ **കാവേരി, ബ്രഹ്മപുത്ര, ലൂണി** എന്നീ നദികൾ അടയാളപ്പെടുത്തുക.